# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2067 08.03.2018-ലെ മറുപടിയ്ക്ക്

## എല്ലാ പഞ്ചായത്തിലും സ്റ്റേഡിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിനായി എല്ലാ പഞ്ചായത്തിലും സ്റ്റേഡിയം എന്ന കായിക വകുപ്പിന്റെ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷം ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു സ്റ്റേഡിയം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ 19 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ 15 സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. 2016-17-ലെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ 7 സ്റ്റേഡിയങ്ങളുടെ നിർമ്മാണം കൂടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br>2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ മിനി സ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയൂർ, ഫറോക് ഗണപതി എന്നീ സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാറ്റിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ, പുനലൂർ നഗര സഭാ സ്റ്റേഡിയങ്ങൾ എന്നിവയേയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്റ്റേഡിയങ്ങളുടെ കൺസപ്റ്റ് നോട്ട് |

<table>
<tr><td></td><td></td><td></td><td>തയ്യാറാക്കുന്നതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>കോഴിക്കോട് ജില്ലയിൽ ഏതൊക്കെ സ്റ്റേഡിയത്തിനാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്നറിയിക്കാമോ;</td><td></td><td>കോഴിക്കോട് ജില്ലയിൽ സ്റ്റേഡിയങ്ങൾക്കായി ഫണ്ട് അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>സ്റ്റേഡിയം</th><th>നിർമ്മാണ പ്രവൃത്തി</th><th>അനുവദിച്ച തുക</th></tr>
<tr><td rowspan="3">വി.കെ.കെ മേനോൻ ഇൻഡോർ സ്റ്റേഡിയം</td><td>ടേബിൾ ടെന്നീസ് ഹാൾ നവീകരണം</td><td>20,00,000/-</td></tr>
<tr><td>ഹെൽത്ത് ക്ലബ് ഹാൾ നവീകരണം</td><td>20,00,000/-</td></tr>
<tr><td>ഇൻഡോർ സ്റ്റേഡിയം നവീകരണം</td><td>28,70,000/-</td></tr>
</table></td></tr>
<tr><td>(സി)</td><td>പഞ്ചായത്ത് സ്റ്റേഡിയങ്ങൾക്ക് സ്റ്റേഡിയം നവീകരണത്തിന് ഫണ്ട് അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?</td><td></td><td>പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നവീകരണത്തിന് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് പ്രത്യേക മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്തിട്ടില്ല.</td></tr>
</table>

**സെക്ഷൻ ഓഫീസർ**